## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1023 08.01.2014 ൽ മറുപടിയ്ക്ക് ഉണ്ടായിരുന്നത്

### പട്ടികജാതി-പിന്നോക്ക വകുപ്പിന്റെ അടൂർ മണ്ഡലത്തിലെ പ്രവർത്തനങ്ങൾ

ചോദ്യം :

ശ്രീ. ചിറ്റയം ഗോപകുമാർ

ഉത്തരം

ശ്രീ. എ.പി. അനിൽകുമാർ
(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| ഈ സർക്കാരിന്റെ കാലയളവിൽ പട്ടികജാതി - പിന്നോക്കസമുദായ വകുപ്പ് അടൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതി പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നുള്ള വിവരങ്ങൾ പഞ്ചായത്ത്/ മുൻസിപ്പാലിറ്റി തിരിച്ച് സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ ? | | പട്ടികജാതി വികസന വകുപ്പും, പിന്നോക്ക സമുദായ വികസന വകുപ്പും അടൂർ നിയോജക മണ്ഡലം ഉൾപ്പടെ സംസ്ഥാന വ്യാപകമായാണ് പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളത്. വ്യക്തിഗത പദ്ധതികളാണ് നിലവിൽ ആവിഷ്കരിച്ചിട്ടുള്ളത്.<br>1. പ്രീമെട്രിക് സ്കോളർഷിപ്പ് - 2011-12 മുതൽ (സംസ്ഥാനത്തെ സർക്കാർ/സർക്കാർ എയ്ഡഡ് സ്കൂളുകളിൽ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുടുംബ വാർഷിക വരുമാനം 44,500/- രൂപയിൽ അധികരിക്കാത്ത പിന്നോക്ക സമുദായ വിദ്യാർത്ഥികൾക്ക് വേണ്ടി)<br>2. അഡ്വക്കേറ്റ് ഗ്രാന്റ്സ് - 2012-13 മുതൽ (സംസ്ഥാനത്തെ ഒ.ബി.സി വിഭാഗത്തിൽ ഉൾപ്പെട്ടവരും കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ അധികരിക്കാത്തവരുമായ നിയമ ബിരുദധാരികൾക്ക് അഭിഭാഷകരായി പ്രാക്ടീസ് ആരംഭിക്കുന്നതിനുള്ള ധന സഹായം).<br>3. മൺപാത്ര നിർമ്മാണ തൊഴിലാളികൾക്കുള്ള ധന സഹായം - 2012-13 മുതൽ (സംസ്ഥാനത്തെ ഒ.ബി.സി വിഭാഗത്തിൽ ഉൾപ്പെട്ടവരും കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയാത്തവരും പരമ്പരാഗതമായി മൺപാത്ര നിർമ്മാണ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുമായ വ്യക്തികൾക്ക് ധന സഹായം നൽകുന്ന പദ്ധതി).<br>4. എംപ്ലോയബിലിറ്റി എൻഹാൻസ് മെന്റ് പ്രോഗ്രാം - 2013-14 മുതൽ (പിന്നാക്ക സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് കേന്ദ്ര സംസ്ഥാന സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും |

| | | |
|---|---|---|
| | | ജോലി ലഭിക്കുന്നതിനുള്ള വിവിധ മത്സര പരീക്ഷാ പരിശീലനത്തിനും മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സ് പ്രവേശന പരീക്ഷാ പരിശീലനത്തിനും ധന സഹായം നൽകുന്ന പദ്ധതി).<br>ഒ.ബി.സി. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് (100% CSS) - ഒ.ബി.സി. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് (100% CSS) പദ്ധതി പ്രകാരം കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ അധികരിക്കാത്ത ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട രക്ഷകർത്താക്കളുടെ മക്കൾക്ക് കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി 2011-12 മുതൽ ഹയർ സെക്കണ്ടറി വിഭാഗത്തിന് നടപ്പിലാക്കുകയും 2013-14 മുതൽ Group A,B,C വിഭാഗത്തിലെ കോഴ്സുകൾക്ക് കൂടി ഈ പദ്ധതി ബാധകമാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച ചെലവ് കേന്ദ്ര സർക്കാർ അനുവദിക്കുന്ന തുകയിൽ അധികരിക്കരുതെന്നും ഉത്തരവായിട്ടുണ്ട്.<br>പട്ടികജാതി വികസന വകുപ്പ് അടൂർ പഞ്ചായത്തിൽ നടപ്പിലാക്കിയ, പഞ്ചായത്ത്/ മുൻസിപ്പാലിറ്റി തിരിച്ചും വർഷം തിരിച്ചുമുള്ള പദ്ധതികളും, ഗുണഭോക്താക്കളുടെ എണ്ണവും അനുബന്ധമായി ചേർക്കുന്നു. |

Bala KT

സെക്ഷൻ ഓഫീസർ

## 2011-12

| ക്രമ നം | പദ്ധതികളുടെ പേര് | പന്തളം | പന്തളം തെക്കേക്കര | തുമ്പമൺ | അടൂർ മുനിസിപ്പാലിറ്റി | പള്ളിക്കൽ പഞ്ചായത്ത്. | ഏറത്ത് പഞ്ചായത്ത് | കടമ്പനാട് പഞ്ചായത്ത് | ഏഴംകുളം പഞ്ചായത്ത് | കൊടുമൺ | ഏനാദിമംഗലം | കലഞ്ഞൂർ | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ഗുണഭോക്താക്കളുടെ എണ്ണം | | | | | | | | | | | |
| 1 | ഭൂരഹിതം | 6 | 2 | - | 0 | 12 | 2 | 5 | 0 | 1 | 2 | 3 | 33 |
| 2 | ഭവന നിർമ്മാണം | 9 | 3 | 2 | - | – | – | - | – | – | – | – | 14 |
| 3 | വിവാഹധനസഹായം | 39 | 5 | 3 | 9 | 6 | 2 | 10 | 6 | 5 | 2 | 5 | 92 |
| 4 | മിശ്രവിവാഹധനസഹായം | 1 | 2 | 2 | 1 | 3 | 2 | 1 | 3 | 3 | 3 | 2 | 23 |
| 5 | ചികിത്സാധന സഹായം | 22 | 10 | 8 | – | - | – | – | – | – | – | – | 40 |
| 6 | അയ്യൻകാളി സ്കോളർഷിപ്പ് | 8 | 2 | – | – | 9 | 0 | 4 | 0 | 1 | 1 | 0 | 25 |
| 7 | സ്വയം തൊഴിൽ | 3 | – | – | 0 | 1 | 0 | 0 | 1 | 0 | 0 | 0 | 5 |
| 8 | അഗ്രോനഴ്സറി | 1 | – | – | – | – | – | – | – | – | – | – | 1 |
| 9 | സൈക്കിൾ വിതരണം (8-10 സ്റ്റാൻഡേർഡ്) | 93 | 59 | 44 | 110 | 134 | 55 | 143 | 10 | 61 | 57 | 89 | 855 |
| 10 | ദുർബലവിഭാഗം പുനരധിവാസം | – | – | – | – | 6 | – | - | – | – | – | – | 6 |

(- - - . 2)

## 2012-13

| ക്രമ നം | പദ്ധതികളുടെ പേര് | പന്തളം | പന്തളം തെക്കേക്കര | തുമ്പമൺ | അടൂർ മുനിസിപ്പാലിറ്റി | പള്ളിക്കൽ പഞ്ചായത്ത്. | ഏറത്ത് പഞ്ചായത്ത് | കടമ്പനാട് പഞ്ചായത്ത് | ഏഴംകുളം പഞ്ചായത്ത് | കൊടുമൺ | ഏനാദിമംഗലം | കലഞ്ഞൂർ | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ഗുണഭോക്താക്കളുടെ എണ്ണം | | | | | | | | | | | |
| 1 | ഭൂരഹിതം | 26 | 4 | 1 | 1 | 23 | 10 | 25 | 20 | 17 | 20 | 21 | 168 |
| 2 | ഭവന നിർമ്മാണം | 5 | 6 | 4 | - | - | - | - | - | - | - | - | 15 |
| 3 | വിവാഹധനസഹായം | 21 | 4 | 2 | 8 | 12 | 12 | 8 | 10 | 12 | 10 | 0 | 99 |
| 4 | മിശ്രവിവാഹധനസഹായം | 1 | - | - | 1 | 2 | 1 | 2 | 0 | 0 | 0 | | 7 |
| 5 | ചികിത്സാധന സഹായം | 22 | 13 | 4 | - | - | - | - | - | - | - | - | 39 |
| 6 | അയ്യൻകാളി സ്കോളർഷിപ്പ് | 5 | 1 | - | 1 | 19 | 1 | 2 | 0 | 5 | 4 | 2 | 40 |
| 7 | സ്വയം തൊഴിൽ | - | - | - | - | - (അപേക്ഷകരില്ല) | - | - | - | - | - | - | - |
| 8 | അഗ്രോ നഴ്സറി | - | - | - | | (അപേക്ഷകരില്ല) | | - | - | - | - | - | - |
| 9 | ടോയ്‌ലറ്റ് | 85 | 21 | 14 | 28 | 40 | 23 | 16 | 59 | 34 | 40 | 6 | 366 |

(--- 3)

## 2013-14 ~~3~~

| ക്രമ നം | പദ്ധതികളുടെ പേര് | പന്തളം | പന്തളം തെക്കേക്കര | തുമ്പമൺ | അടൂർ മുനിസിപ്പാലിറ്റി | പള്ളിക്കൽ പഞ്ചായത്ത്. | ഏറത്ത് പഞ്ചായത്ത് | കടമ്പനാട് പഞ്ചായത്ത് | ഏഴംകുളം പഞ്ചായത്ത് | കൊടുമൺ | ഏനാദിമംഗലം | കലഞ്ഞൂർ | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ഗുണഭോക്താക്കളുടെ എണ്ണം | | | | | | | | | | | |
| 1 | ഭൂരഹിതം | 19 | 1 | nil | 1 | 7 | 5 | 6 | 4 | 17 | nil | 6 | 66 |
| 2 | ഭവന നിർമ്മാണം | 8 | 2 | 1 | 2 | 4 | 6 | 12 | 19 | 11 | 9 | 7 | 81 |
| 3 | വിവാഹധനസഹായം | 33 | 5 | 6 | 18 | 21 | 14 | 26 | 23 | 20 | 10 | 17 | 193 |
| 4 | മിശ്രവിവാഹധനസഹായം | 3 | 1 | nil | nil | 5 | 1 | nil | 1 | nil | 1 | 1 | 13 |
| 5 | ചികിത്സാധനസഹായം | 26 | 4 | 1 | 14 | 26 | 8 | 84 | 12 | 23 | 73 | 7 | 278 |
| 6 | അയ്യൻകാളി സ്കോളർഷിപ്പ് | 8 | 3 | 1 | nil | 31 | 1 | 3 | nil | 3 | 6 | 1 | 57 |
| 7 | സ്വയം തൊഴിൽ | nil | nil | nil | nil | nil | nil | nil | nil | nil | nil | nil | |
| 8 | അഗ്രോ നഴ്സറി | nil | nil | nil | nil | nil | nil | nil | nil | nil | nil | nil | |
| 9 | സൈക്കിൾ വിതരണം (8-ാം സ്റ്റാൻഡേർഡ്) | nil | nil | nil | nil | nil | nil | nil | nil | nil | nil | nil | |
| 10 | ദുർബലവിഭാഗം പുനരധിവാസം | nil | nil | nil | nil | nil | nil | nil | nil | nil | nil | nil | |
| 11. | ടോയ്ലറ്റ് | 71 | 27 | 15 | 19 | 51 | 41 | 40 | 9 | 34 | 56 | 4 | 367 |
| 12. | ഭവനപുനരുദ്ധാരണം | nil | nil | nil | 8 | 7 | 8 | 7 | 14 | 13 | 12 | nil | 69 |

(nil - ഗുണഭോക്താക്കൾ ഇല്ലാത്തതിനാൽ പദ്ധതി നടപ്പിലാക്കിയിട്ടില്ല)